## പതിനാലാം കേരള നിയമസഭ
### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.504 — 08.08.2017-ൽ മറുപടിയ്ക്ക്

### കാരുണ്യ ഫണ്ട്

| | ചോദ്യം<br>ശ്രീ.സി.കൃഷ്ണൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യ ഫണ്ട് അനുവദിക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | കാരുണ്യ ബനവലന്റ് ഫണ്ട് അനുവദിക്കാൻ കാലതാമസം നേരിടുന്നില്ല. പദ്ധതിയിൽ ധനസഹായത്തിന് അപേക്ഷിക്കുന്നവരിൽ അടിയന്തിരമായി ചികിത്സ ആവശ്യമുള്ളവർക്ക് അപേക്ഷ നൽകുന്ന അന്നോ അടുത്ത ദിവസമോ തന്നെ മുൻകൂർ ചികിത്സാനുമതി പത്രങ്ങൾ അതാത് ആശുപത്രികൾക്ക് നൽകി വരുന്നു. കൂടാതെ അപേക്ഷ നൽകിയതിനുശേഷം പെട്ടെന്ന് അഡ്മിറ്റാകേണ്ടിവരുന്ന രോഗികൾക്ക് അഡ്മിനിസ്ട്രേറ്റർ മുൻകൂർ അനുമതി നൽകി വരുന്നു. അതിനാൽ രോഗികളുടെ ചികിത്സയിൽ കാലതാമസം വരുന്നില്ല. ആശുപത്രികൾക്ക് ആവശ്യമായ ഫണ്ട് സമയാസമയം നൽകി വരുന്നുണ്ട്. |
| (ബി) | ഇത് പരിഹരിക്കാൻ ആവശ്യമായ തീരുമാനങ്ങൾ പരിഗണനയിൽ ഉണ്ടോ ? | | |

സെക്ഷൻ ഓഫീസർ.